## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6046.** **02.04.2018 ൽ മറുപടിക്ക്.**

## ജി.എസ്.ടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് : | ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം വിൽപന നികുതി വിഭാഗത്തിലെ അസ്സെസ്സ്മെന്റ്, ഇന്റലിജൻസ്, അപ്പീൽ വിംഗുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ വിംഗുകളിലെ ഉദ്യോഗസ്ഥർ ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം പ്രധാനമായും എന്ത് ജോലികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1.ഇന്റലിജൻസ് വിഭാഗം: ജി.എസ്.ടി.യുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ജി.എസ്.ടി. നിയമ പ്രകാരം ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുത ഇല്ലാത്തതിനാൽ അവ ഒഴിവാക്കപ്പെട്ടിട്ടുള്ളതും ഇതിനെത്തുടർന്ന് നിലവിൽ വരുമെന്ന് പറഞ്ഞിരുന്ന ഇ-വേ ബിൽ നിലവിൽ വരാത്തതിനാലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന അതിർത്തി മേഖലകളിൽ നികുതി വെട്ടിച്ച് ചരക്ക് നീക്കം തടയുന്നതിനായി കർശന നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കൂടുതൽ ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും നിരീക്ഷണത്തിനായി നിയോഗിച്ചുവരുന്നു. കൂടാതെ ജി.എസ്.ടി.പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടില്ലാത്തതും ജി.എസ്.ടി.റിട്ടേണുകൾ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും പരിശോധന കൾ കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. ഹോട്ടലുകളിൽ നിന്ന് തുടർച്ചയായി ബില്ലുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നു. പുതിയ സേവന മേഖലകളിൽ ഉൾപ്പെടെ പരിശോധന നടത്തി ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായ കേസ്സുകളിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട തുണ്ട്. ജി.എസ്.ടി. യിൽ സർവ്വീസ് മേഖല കൂടി വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യ മായ അന്വേഷണങ്ങളും തുടർ നടപടികളും പുതിയതായി നടത്തുന്നുണ്ട്. മൈഗ്രേഷൻ ട്രാൻ-1, 3-ബി എന്നിവയുടെ ലിസ്റ്റുകൾ ലഭ്യമാക്കി ആവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജി.എസ്.ടി. യിൽ രജിസ്ട്രേഷൻ പുതിയതായി എടുത്തവരുടേയും വാറ്റിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്നിട്ട് ജി.എസ്.ടി. യിലേക്ക് മൈഗ്രേറ്റ് ചെയ്യാത്തവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ഏപ്രിൽ 1 മുതൽ ഇ-വേ ബിൽ നിലവിൽ വരുന്നതിനാൽ GSTN- ൽ ഇത് പരിശോധിക്കേണ്ടതുമുണ്ട്.<br><u>2.അസ്സസ്സ്മെന്റ് വിഭാഗം :</u><br>ജി.എസ്.ടി. യിൽ നിലവിൽ ഫയൽ ചെയ്യപ്പെ ടേണ്ട രണ്ട് തരം റിട്ടേണുകൾ, Form Tran-1 ന്റെ പരിശോധന, വീഴ്ച വരുത്തുന്നവർക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കൽ , പുതിയ രജിസ്ട്രേഷൻ അനുവദിക്കൽ, അതുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഭേദഗതി, വിവിധതരം GST Refund ന്റെ പരിശോധനയും വിതരണവും, LoU അനുവദിക്കൽ, VAT, KGST യുമായി ബന്ധപ്പെട്ട സമയ ബന്ധിത ഫയലുകളുടെ തീർപ്പാക്കൽ എന്നിവയാണ് അസ്സസ്സ്മെന്റ് വിഭാഗം ചെയ്തു വരുന്നത്.<br><u>3.അപ്പീൽ വിഭാഗം:</u><br>ജി.എസ്.ടി. നിലവിൽ വന്നതിൽ അപ്പീൽ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന്റെ പ്രവർത്തനത്തിൽ മാറ്റമില്ല. |
| (സി) | ഉദ്യോഗസ്ഥർക്ക് ഓൺലൈനിൽ ജോലിചെയ്യാനുള്ള സംവിധാനം നിലവിൽ വന്നിട്ടില്ലെന്നത് ശരിയാണോ ; വ്യക്തമാക്കാമോ; | (സി) | ഉദ്യോഗസ്ഥർക്ക് ഓൺലൈനിൽ ജോലിചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. പുതിയ സംവിധാനങ്ങൾ GSTN- ൽ കൂട്ടിച്ചേർക്കുന്നതനുസരിച്ച് വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. |
| (ഡി) | ജി.എസ്.ടി. സൈറ്റിൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാനുള്ള മേഖല ഉണ്ടാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. ജി.എസ്.ടി. സൈറ്റിൽ ഉദ്യോഗ സ്ഥർക്ക് പ്രവർത്തിക്കാനുള്ള മേഖല നടപ്പിലാക്കി വരുന്നു. കൂടുതൽ സംവിധാനങ്ങൾ GSTN- ൽ കൂട്ടിചേർക്കുന്നതനുസരിച്ച് ഉദ്യോഗസ്ഥർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള മേഖല ലഭ്യമാകുന്നതാണ്. |
| (ഇ) | വിൽപ്പന നികുതിയിൽ അപ്പീൽ കൊടുക്കാനുള്ള സംവിധാനം ഇല്ലാത്തതിനാലാണോ ഇപ്പോൾ പലരും ഹൈക്കോടതിയെ സമീപിക്കുന്നത് ; വ്യക്തമാക്കാമോ? | (ഇ) | പൊതു വിൽപന നികുതി നിയമപ്രകാരം അപ്പീൽ സമർപ്പിക്കാനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ